**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:4690** **28.6.2013- ൽ മറുപടിക്ക്**

## മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; | (എ) മലപ്പുറം ജില്ലയിൽ പുതുതായി രൂപീകരിച്ച ചോക്കാട്, കണ്ണമംഗലം, പെരുമണ്ണ ക്ലാരി, പോത്തുകൽ, പെരുവള്ളൂർ, നിറമരുതൂർ, മംഗലം എന്നീ പഞ്ചായത്തുകളിലെ കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റിന്റെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലായിരുന്നു. എന്നാൽ 18.5.2013-ലെ ജി.ഒ (എം.എസ്) നം.166/13/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പഞ്ചായത്തുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; | (ബി) പ്രസ്തുത കൃഷി ഭവനുകളിൽ ഇതിനകം കൃഷി അസിസ്റ്റന്റിന്റെ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ? | (സി) ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ